# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ. T 6065

10.07.2012 ൽ മറുപടിക്ക്

## പ്രവാസി ക്ഷേമ നിധിയിലെ സർക്കാർ വിഹിതം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ: | ശ്രീ. കെ. സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) മുംബൈ നോർക്ക റൂട്ട്സ് കാര്യാലയത്തിൽ കഴിഞ്ഞ ജനുവരി മുതൽ ഉത്തരവാദപ്പെട്ട മേധാവി ഇല്ലാതിരുന്നതും തുടർന്ന് പെൻഷൻ ആവാറായ ഉദ്യോഗസ്ഥനെ നിയമിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. മുംബൈയിൽ പോയി ജോലി ചെയ്യാൻ ഉദ്യോഗസ്ഥർ വൈമുഖ്യം കാണിക്കുന്നതിനാൽ ചില പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത ഓഫീസിന്റെ നല്ല രീതിയിലുള്ള പ്രവർത്തനത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ; | (ബി) എൻ. ആർ. കെ. ഡവലപ്പ്മെന്റ് ഓഫീസറെ സ്ഥിരമായി നിയമിച്ച് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായി നടത്തുവാൻ നടപടി സ്വീകരിച്ചുവരികയാണ്. |
| (സി) മറുനാടൻ മലയാളികൾക്ക് കേരളത്തിന് പുറത്ത് പ്രവാസി ക്ഷേമ നിധിയിൽ ചേരാമെന്നിരിക്കെ കേരളത്തിൽ | (സി എല്ലാ ഷെഡ്യൂൾഡ് ബാങ്കുകളിൽ കൂടിയും അംശദായം അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ |

| | |
|---|---|
| ബ്രാഞ്ചുകളുള്ള എല്ലാ ഷെഡ്യൂൾഡ് ബാങ്കുകളിലും ക്ഷേമനിധി തുക അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | പരിഗണനയിലില്ല. എസ്. ബി. റ്റി യുമായി സഹകരിച്ച്കൊണ്ട് ചെല്ലാൻ മുഖാന്തിരം അംഗങ്ങൾക്ക് അംശദായം അടയ്ക്കുന്നതിനുള്ള സൗകര്യം ബോർഡിൽ നിലവിലുണ്ട്. കേരളത്തിന് പുറത്ത് മറ്റു സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന അംഗങ്ങൾക്ക് ഡി. ഡി മുഖേനയും അംശദായം അടയ്ക്കുവാൻ സാധിക്കും. ഇതു കൂടാതെ, ഭാരതീയ സ്റ്റേറ്റ് ബാങ്കുമായി സഹകരിച്ച്കൊണ്ട് അംശാദായം അടയ്ക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഡി) വൻ നഗരങ്ങളിൽ ജീവിക്കുന്ന മറുനാടൻ മലയാളികളുടെ ജീവിതച്ചെലവിനാനുപാതികമായി സർക്കാരിന്റെ ഒരു വിഹിതം ഈ ക്ഷേമ നിധിയിൽ അടയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) ആക്ട് പ്രകാരം വർഷാവർഷം സർക്കാർ ഗ്രാന്റ് നൽകാൻ നിബന്ധന ഇതിനകം തന്നെ നിലവിലുണ്ട്. സർക്കാർ അത് നൽകിവരുന്നുണ്ട്. ബോർഡിന്റെ നടത്തിപ്പുരീതിയും ഉദ്ദേശ ലക്ഷ്യങ്ങളും സർക്കാരിന്റെ പങ്കും കണക്കിലെടുക്കുമ്പോൾ ഈ നിർദ്ദേശം പ്രായോഗികമല്ല എന്നു കാണുന്നു. |

സെക്ഷൻ ഓഫീസർ